**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 367** **13-03-2023 - ൽ മറുപടിയ്ക്ക്**

**ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഉപ പദ്ധതികളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഉപ പദ്ധതികളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്) നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു .<br><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിക്കാൻ കഴിയുന്നതാണ്. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമ/ സെറ്റിൽമെന്റ് വികസന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മതിയായ തുക അനുവദിക്കുന്നതിന് കഴിയുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഉപ പദ്ധതികളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്) നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു .<br><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിക്കാൻ കഴിയുന്നതാണ്. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമ/ സെറ്റിൽമെന്റ് വികസന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ നൈപുണ്യ പരിശീലനം, വിദ്യാഭ്യാസ | (സി) | പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം, സാംസ്കാരികം, കായികം തുടങ്ങിയവ) ഉതകുന്ന പ്രൊജക്ടുകൾ DIET |

| | | | |
|---|---|---|---|
| | പുരോഗതി എന്നിവ ഉറപ്പാക്കുന്നതിന് പ്രസ്തുത ഫണ്ട് ഉപയോഗിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | | ൻ്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാതല സമിതി പുന:പരിശോധിച്ച് നിർവ്വഹണം നടത്തുന്നു. എന്നാൽ നൈപുണ്യ പരിശീലനം ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് (കോർപ്പസ് ഫണ്ട്) മുഖേന നടപ്പിലാക്കാൻ പാടില്ലായെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും വിദ്യാഭ്യാസ പുരോഗതിക്കുമായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നു. വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കും തുക അനുവദിക്കുന്നതാണ്. നൈപുണ്യ വികസന പദ്ധതി ശീർഷകത്തിൽ തുക ആവശ്യത്തിന് ലഭ്യമാകാത്ത അവസരത്തിൽ കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നൈപുണ്യ പരിശീലന പദ്ധതി പ്രകാരം അഭ്യസ്തവിദ്യർക്കും, വിദ്യാഭ്യാസം കുറഞ്ഞ പട്ടികവർഗ്ഗക്കാർക്കും പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്ക് അംഗീകാരവും അനുമതിയും നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്ക് അംഗീകാരവും അനുമതിയും നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് അനുമതി ജില്ലാ തലത്തിലാണ് നൽകുന്നത്. ജില്ലാ കളക്ടർ അദ്ധ്യക്ഷനും, ജില്ലാ പ്ലാനിംഗ് ഓഫീസർ (കോ-ഓർഡിനേറ്റർ), ജില്ലാ പട്ടികജാതി വികസന ഓഫീസർ (കൺവീനർ) എന്നിവർ അംഗങ്ങളായ കമ്മിറ്റി പ്രൊജക്ടുകൾ പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നു. ജില്ലാതല സമിതി അംഗീകരിച്ച പ്രോജക്ടുകൾക്ക് മുൻഗണനാക്രമത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഭരണാനുമതി ഉത്തരവ് നൽകുകയും ചെയ്യുന്നു. 25 ലക്ഷം രൂപയിൽ അധികരിക്കുന്ന പദ്ധതികൾ ജില്ലാതല സമിതിയുടെ തീരുമാന പ്രകാരം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ വികസന വകുപ്പിന് കീഴിൽ , ജില്ലകളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരവും അനുമതിയും നൽകുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തോടെ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ ജില്ലാതലത്തിൽ നടപ്പിലാക്കും. അതിനു മുകളിലുള്ള പദ്ധതികൾ ഈ കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാനതല |

| | | | |
|---|---|---|---|
| | | | വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. എന്നാൽ റോഡ് /പാലം നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പാണ് അനുമതി നൽകുന്നത്. ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ടി കമ്മിറ്റി യഥാസമയം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## പട്ടികജാതിവികസന വകുപ്പ്

പട്ടികജാതിവികസന വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് നൽകുന്നതിനുള്ള നടപടി ജില്ലാതലത്തിൽ തന്നെ കൈക്കൊള്ളുന്നതിനുമാണ് സ.ഉ.(കൈ)നം. 68/14/പജപവവിവ തീയതി 18/09/2014 ഉത്തരവു പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. കോർപ്പസ് ഫണ്ടിന്റെ 1/3 വിഹിതം ജില്ലാ കളക്ടർമാർക്ക് വകുപ്പിൽ നിന്ന് അനുവദിക്കുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് ജില്ലാ കളക്ടർമാർ തുക മാറി നൽകുകയും ചെയ്തു വരുന്നു.

കുടിവെള്ള വിതരണം, വൈദ്യുതി വിതരണം, ഗതാഗത സൗകര്യ വികസനം പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് (വിദ്യാഭ്യാസം, സാംസ്കാരികം, കായികം) ഉതകുന്ന പ്രോജക്ടുകൾ, വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ എന്നീ പദ്ധതികൾ പ്രസ്തുത ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്നു. 25 ലക്ഷം രൂപയിൽ അധികരിക്കുന്ന പദ്ധതി പ്രൊപ്പോസലുകൾ ജില്ലാതല തീരുമാന പ്രകാരം സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിൽ വെയ്ക്കുകയും അംഗീകാരം ലഭ്യമാകുന്ന പ്രകാരം പദ്ധതിയ്ക്കാവശ്യമായ തുക അതാത് വർഷം വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കോർപ്പസ് ഫണ്ടിന്റെ 2/3 വിഹിതത്തിൽ നിന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിക്കുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ തുക മാറി നൽകുകയും ചെയ്തു വരുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെയും ഡി.ഡി.ഒ യുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന പ്രോജക്ടുകൾ മാത്രമാണ് നിർവ്വഹണം നടത്തുവാൻ പരിഗണിക്കപ്പെടുന്നത്. പദ്ധതി നിർവ്വഹണ യോഗ്യമാണെന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും, സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെയും അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ പരിശോധിച്ച് തുക അനുവദിച്ചു നൽകുന്നു.

## പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളിൽ വികസന വിടവുകൾ നികത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനും

ഉപജീവന മാർഗ്ഗത്തിനും കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ഈ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഏതെങ്കിലും പദ്ധതികളിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം തടസ്സമുണ്ടാകുന്ന സാഹചര്യത്തിൽ ടി പദ്ധതിക്ക് ആവശ്യമായ ഫണ്ടും ഇതിൽ നിന്നും വകയിരുത്തുന്നുണ്ട്.